സംസ്ഥാനത്തിന്റെ പൊതുകടം

96 (1836) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്ന് പറയാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ടെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ തുക വിനിയോഗിച്ചതെന്നും വിശദമാക്കാമോ;

(സി) വാണിജ്യ നികുതി ഇനത്തിൽ 2015 ഡിസംബർ 31 വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് എത്ര തുകയ്ക്കാണ് എന്ന് പറയാമോ?

ഉത്തരം

(എ) 2015 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,47,811.93 കോടി രൂപയാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 31-3-2015 വരെ 40,539.81 കോടി രൂപ ആഭ്യന്തരകട ഇനത്തിലും 705.97 കോടി രൂപ കേന്ദ്രസഹായ വായ്പ ഇനത്തിലും 15,521.22 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് മുതലായ ഇനത്തിലും കടമെടുത്തിട്ടുണ്ട്. ഇപ്രകാരം കടമെടുത്ത തുക പ്രധാനമായും പദ്ധതി ചെലവുകൾക്കും വികസന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചത്.

(സി) വാണിജ്യ നികുതിയിനത്തിൽ 2015 ഡിസംബർ 31 വരെ 6,552.43 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് 135.80 കോടി രൂപയ്ക്കാണ്.

പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പന നികുതി

97 (1837) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പന നികുതിയിൽ ഗവൺമെന്റ് ഏറ്റവും ഒടുവിൽ വർദ്ധന വരുത്തിയത് എപ്പോഴാണ്; എത്രയിൽ നിന്ന് എത്ര ശതമാനമാക്കി വർദ്ധിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിൽപ്പന നികുതിയിൽ വർദ്ധന വരുത്തിയതും, പുതിയ സെസ് ഏർപ്പെടുത്തിയതും വഴി ഒരു ലിറ്റർ പെട്രോളും, ഒരു ലിറ്റർ ഡീസലും സംസ്ഥാനത്ത് നിന്ന് വാങ്ങുന്ന ഒരാൾക്ക് നിലവിൽ എത്ര രൂപ അധികമായി നൽകണം;

(സി) നിലവിൽ സംസ്ഥാനത്ത് വിൽക്കുന്ന ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും സംസ്ഥാനം ഈടാക്കുന്ന മൊത്തം നികുതി എത്ര ശതമാനം വീതമാണ്;

(ഡി) 2010 ഡിസംബറിൽ ക്രൂഡോയിലിന്റെയും പെട്രോളിന്റെയും ആഗോള വിലയും സംസ്ഥാനത്ത് വിറ്റുവരുന്ന വിലയും എത്രയായിരുന്നു; ഇപ്പോഴത്തെ ഇവയുടെ ആഗോള വിലയും, സംസ്ഥാനത്തെ വിലയും എത്രയായി കുറഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പന നികുതിയിൽ ഏറ്റവും ഒടുവിൽ വർദ്ധന വരുത്തിയത് 20-2-2015-ൽ ആണ്. പെട്രോളിന്റെ നിരക്ക് 30.18% നിന്ന് 31.80% ആയും ഡീസലിന്റെ നിരക്ക് 23.23% നിന്ന് 24.52% വും ആയി വർദ്ധിപ്പിച്ചു.

(ബി) വിൽപ്പന നികുതിയിൽ വർദ്ധന വരുത്തിയതും, അധിക വിൽപ്പന നികുതി ഏർപ്പെടുത്തിയതും വഴി ഒരു ലിറ്റർ പെട്രോളും ഒരു ലിറ്റർ ഡീസലും സംസ്ഥാനത്തുനിന്ന് വാങ്ങുന്ന ഒരാൾ താഴെപ്പറയുന്ന വില അധികമായി നൽകണം:

പെട്രോൾ

അധികമായി നൽകേണ്ട തുക - 0.72 രൂപ

അധിക വിൽപ്പന നികുതി - 1.00 രൂപ/ലിറ്റർ

ഡീസൽ

അധികമായി നൽകേണ്ട തുക - 0.47 രൂപ

അധിക വിൽപ്പന നികുതി - 1.00 രൂപ/ലിറ്റർ

(സി) നിലവിൽ ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും സംസ്ഥാനം ഈടാക്കുന്ന മൊത്തം നികുതി ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ - 31.8%+1.00 രൂപ/ലിറ്റർ AST

ഡീസൽ - 24.52%+1.00 രൂപ/ലിറ്റർ AST

(ഡി) 2010 ഡിസംബറിൽ ക്രൂഡോയിലിന്റെ വില

- 91.80/US Dollar/Barrel

പെട്രോൾ - Rs. 59.02/ലിറ്റർ

ഡീസൽ - Rs. 41.39/ലിറ്റർ

2016 ഫെബ്രുവരിയിൽ ക്രൂഡ് ഓയിലിന്റെ വില

- 32.45/US Dollar/Barrel

പെട്രോൾ - Rs. 61.30/ലിറ്റർ

ഡീസൽ - 46.68/ലിറ്റർ.

ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ്

98 (1838) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്.

പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുക.

2. മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവഹണം എളുപ്പമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly